**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1169** **04-07-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട ടൗൺ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട ടൗൺ വികസനത്തിന്റെ രണ്ടും, മൂന്നും ഘട്ടത്തിനായുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ആയത് ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | ഇല്ല. കാട്ടാക്കട ടൗൺ വികസനത്തിന്റെ രണ്ടും, മൂന്നും ഘട്ടത്തിന് ഭരണാനുമതി ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. പൊതുമരാമത്ത് വകുപ്പ് പ്രൊജക്ട് പ്രിപ്പറേഷൻ വിഭാഗത്തിൽ നിന്നും ഡ്രോയിംഗ് തയ്യാറാക്കി സാധ്യതാപഠനം നടത്താനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് നൽകിയിട്ടുണ്ട്. കാട്ടാക്കട ടൗൺ വികസനത്തിന്റെ രണ്ടും മൂന്നും ഘട്ടങ്ങളിലായി 4 റോഡുകളുടെ വികസന ത്തിന്റെ പ്രൊപ്പോസൽ നിലവിലുണ്ട്.<br><br>പ്രസ്തുത പ്രവൃത്തിയിൽ വിവിധ ഘട്ടങ്ങളിൽ ഉൾപ്പെട്ട റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>I. <u>രണ്ടാം ഘട്ടം</u><br><br>1. പൂച്ചെടിവിള – പെരുംകുളത്തൂർ റോഡ്<br><br>II. <u>മൂന്നാം ഘട്ടം</u><br><br>ചാരുപാറ – മാവിള റോഡ്<br><br>കുളത്തുമ്മൽ -ചാരുപാറ റോഡ്<br><br>പെരുംകുളത്തൂർ - മിനി സിവിൽ സ്റ്റേഷൻ റോഡ്.<br><br>ഇതിൽ രണ്ടാംഘട്ടത്തിലെ ക്രമ നം. (1), മൂന്നാം ഘട്ടത്തിലെ ക്രമ നം.(1), എന്നിവയുടെ സാധ്യതാ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ ഡിസൈന് നൽകിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിലെ ക്രമ നം. (2), ക്രമ നം. (3) എന്നിവയുടെ സാധ്യത വിശദമായി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ